**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5580** **13-08-2021 - ൽ മറുപടിയ്ക്ക്**

**വി.എസ്.എസ്., ഇ.ഡി.സി. എന്നിവയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പങ്കാളിത്ത വന പരിപാലന പദ്ധതി കേന്ദ്ര സർക്കാർ പിൻവലിച്ചതുമൂലം വന സംരക്ഷണ സമിതി, ഇക്കോ ഡെവലപ്പമെന്റ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനങ്ങളിൽ മാന്ദ്യം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പങ്കാളിത്ത വന പരിപാലന പദ്ധതി കേന്ദ്ര സർക്കാർ പിൻവലിച്ചതായി സർക്കാരിൽ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. വന സംരക്ഷണസമിതി, ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റി എന്നിവയുടെ പങ്കാളിത്തത്തോടെ വിവിധ പങ്കാളിത്ത വനപരിപാലന, സംരക്ഷണ പ്രവർത്തനങ്ങൾ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ ചെയ്തു വരുന്നു |
| (ബി) | ആദിവാസി, പിന്നാക്ക ജന വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി വി.എസ്.എസ്., ഇ.ഡി.സി. എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വനാശ്രിതരായ ആദിവാസി, പിന്നോക്ക ജന വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് 1988-ലെ കേന്ദ്ര വനനയത്തിന്റെ ഭാഗമായി പങ്കാളിത്ത വന പരിപാലനം സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയത്. വനാശ്രിത സമൂഹങ്ങളെ വനസംരക്ഷണ, വനപരിപാലന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക വഴി അവർക്ക് പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും, അതുവഴി അവരുടെ ജീവിത നിലവാര ഉയർച്ചയും ശാക്തീകരണവുമാണ് പങ്കാളിത്ത വന പരിപാലനത്തിന്റെ പരമമായ ലക്ഷ്യം. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി വനാശ്രിത സമൂഹങ്ങളെ അംഗങ്ങളാക്കി വന സംരക്ഷണ സമിതികൾ, ഇക്കോഡെവലപ്പമെന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് വിവിധ പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങൾ ടി സമിതികൾ വഴി നടപ്പാക്കി വരുന്നു. നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം (NAP), ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി (GIM), ട്രൈഫെഡിന്റെ ധന സഹായത്തോടെ തടിയേതര വന വിഭവങ്ങൾക്ക് താങ്ങുവില നൽകുന്ന "Minimum Support Price for Minor Forest Produce (MSP for MFP)' പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വന വിഭവ ശേഖരണം, വിപണനം എന്നിവയ്ക്കായി ധന സഹായം ഉൾപ്പെടെ നൽകുന്ന പ്രധാൻമന്ത്രി വൻ ധൻ വികാസ് യോജന (VDVK) എന്നീ പദ്ധതികളും |

| | | | |
|---|---|---|---|
| | | | മേൽ സമിതികൾ വഴി നടപ്പാക്കുന്നുണ്ട്. കൂടാതെ വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ഇക്കോടൂറിസം, വനശ്രീ തുടങ്ങിയ പദ്ധതികളും വന സംരക്ഷണ സമിതികൾ, ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ വഴി ചെയ്തു വരുന്നു. ഇതിലൂടെ വനാശ്രിതരായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും അത് അവരുടെ വരുമാന വർദ്ധനവിനും ജീവിത നിലവാര ഉയർച്ചയ്ക്കും സഹായകരമാകുകയും ചെയ്യുന്നു. ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി, ട്രൈഫെഡ് പദ്ധതികളായ 'MSP for MFP', വൻ ധൻ വികാസ് യോജന, ഇക്കോ ടൂറിസം, വനശ്രീ മുതലായവ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. ഇവ തുടർന്നും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ വനം വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (സി) | 2020-21 വർഷത്തിൽ വി.എസ്.എസ്./ഇ.ഡി.സി. മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ? | (സി) | സംസ്ഥാനത്ത് പടർന്ന് പിടിച്ച കോവിഡ് മഹാമാരി മൂലം വനമേഖലകളിൽ നടപ്പിലാക്കി വന്നിരുന്ന ഇക്കോടൂറിസം, വനശ്രീ തുടങ്ങിയ വിവിധ പദ്ധതികൾ 2020 ഏപ്രിൽ മുതൽ 2021 ജൂലൈ വരെ നിർത്തി വയ്ക്കേണ്ടി വന്നു. എന്നിരുന്നാലും ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി വിഹിതത്തിൽ നിന്നും 197.31 ലക്ഷം രൂപയും, MSP for MFP പദ്ധതി വിഹിതത്തിൽ നിന്നും 245.63 ലക്ഷം രൂപയും പദ്ധതി നടത്തിപ്പുകൾക്കായി ചെലവഴിക്കുകയും ആയത് വനാശ്രിതസമൂഹത്തിന് ഗുണകരമായിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ